**കേരള സർക്കാർ**

സംഗ്രഹം

തദ്ദേശസ്വയംഭരണ വകുപ്പ് - മഹാത്മാഗാന്ധി ദേശീയ ഗ്രാമീണ തൊഴിലുറപ്പ് പദ്ധതി – വരന്തരപ്പിള്ളി ഗ്രാമ പഞ്ചായത്ത് - ഗ്രാമപഞ്ചായത്ത് സെക്രട്ടറിയോടൊപ്പം തൊഴിലുറപ്പ് പദ്ധതിയുടെ അക്കൗണ്ട് ഓപ്പറേറ്റ് ചെയ്യുന്നതിന് കൊടകര ബ്ലോക്ക് പ്രോഗ്രാം ഓഫീസർക്ക് അനുമതി നൽകി ഉത്തരവ് പുറപ്പെടുവിക്കുന്നു.

---

തദ്ദേശസ്വയംഭരണ (ഡി.ഡി) വകുപ്പ്

സ.ഉ.(സാധാ). 2743/13/തസ്വഭവ തീയതി, തിരുവനന്തപുരം, 06.11.2013

---

പരാമർശം: മഹാത്മാഗാന്ധി ദേശീയ ഗ്രാമീണ തൊഴിലുറപ്പ് പദ്ധതി മിഷൻ ഡയറക്ടറുടെ 04.10.2013-ലെ 2208/ഇ.ജി.എസ്.എ/13/ആർ.ഇ.ജി.എസ്. നമ്പർ കത്ത്.

**ഉത്തരവ്**

തൃശ്ശൂർ ജില്ലയിലെ വരന്തരപ്പിള്ളി ഗ്രാമപഞ്ചായത്തിൽ പ്രസിഡന്റ് ഉൾപ്പെടെയുള്ള 23 അംഗങ്ങളിൽ 18 അംഗങ്ങളെ ബഹുമാനപ്പെട്ട ഹൈക്കോടതി അയോഗ്യരാക്കി പ്രഖ്യാപിച്ചിട്ടുള്ളതിനെ തുടർന്ന് മഹാത്മാഗാന്ധി ദേശീയ ഗ്രാമീണ തൊഴിൽ ഉറപ്പ് പദ്ധതിയുടെ വാർഷിക കർമ്മ പദ്ധതി/ലേബർ ബഡ്ജറ്റ് തയ്യാറാക്കൽ പ്രവർത്തനങ്ങൾക്കുള്ള ഗ്രാമസഭ ചേരൽ, വാർഡ്തല/പഞ്ചായത്ത്തല പദ്ധതി ആസൂത്രണം എന്നീ പ്രവർത്തനങ്ങൾ തടസ്സപ്പെട്ടിരിക്കുന്നതിനാൽ വരന്തരപ്പിള്ളി ഗ്രാമപഞ്ചായത്തിൽ തൊഴിലുറപ്പ് പദ്ധതിയുടെ ആസൂത്രണ നിർവ്വഹണ പ്രവർത്തനങ്ങൾ സുഗമമായി നടത്തുന്നതിനും തൊഴിലാളികൾക്ക് വേതനം നൽകുന്നതിനും ഗ്രാമപഞ്ചായത്ത് സെക്രട്ടറിയോടൊപ്പം തൊഴിലുറപ്പ് പദ്ധതിയുടെ അക്കൗണ്ട് ഓപ്പറേറ്റ് ചെയ്യുന്നതിന് കൊടകര ബ്ലോക്ക് പ്രോഗ്രാം ഓഫീസർക്ക് അനുമതി നൽകി ഉത്തരവ് പുറപ്പെടുവിക്കണമെന്ന് പരാമർശ പ്രകാരം മഹാത്മാഗാന്ധി ദേശീയ ഗ്രാമീണ തൊഴിലുറപ്പ് പദ്ധതി മിഷൻ ഡയറക്ടർ അഭ്യർത്ഥിച്ചിരുന്നു.

2. സർക്കാർ ഇക്കാര്യം വിശദമായി പരിശോധിച്ചു. വരന്തരപ്പിള്ളി ഗ്രാമപഞ്ചായത്തിൽ തൊഴിലുറപ്പ് പദ്ധതിയുടെ ആസൂത്രണ നിർവ്വഹണ പ്രവർത്തനങ്ങൾ സുഗമമായി നടത്തുന്നതിനും തൊഴിലാളികൾക്ക് വേതനം നൽകുന്നതിനും ഗ്രാമപഞ്ചായത്ത് സെക്രട്ടറിയോടൊപ്പം തൊഴിലുറപ്പ് പദ്ധതിയുടെ അക്കൗണ്ട് ഓപ്പറേറ്റ് ചെയ്യുന്നതിന് കൊടകര ബ്ലോക്ക് പ്രോഗ്രാം ഓഫീസർക്ക് അനുമതി നൽകി ഉത്തരവ് പുറപ്പെടുവിക്കുന്നു.

ഗവർണ്ണറുടെ ഉത്തരവിൻ പ്രകാരം,

അനിത ദാമോദരൻ,
ഗവൺമെന്റ് അഡീഷണൽ സെക്രട്ടറി

To

1. ഗ്രാമവികസന കമ്മീഷണർ, തിരുവനന്തപുരം.
2. മിഷൻ ഡയറക്ടർ, മഹാത്മാഗാന്ധി ദേശീയ ഗ്രാമീണ തൊഴിലുറപ്പ് പദ്ധതി, തിരുവനന്തപുരം.
3. സെക്രട്ടറി, ഗ്രാമ പഞ്ചായത്ത്, വരന്തരപ്പിള്ളി
4. പ്രിൻസിപ്പൽ അക്കൗണ്ടന്റ് ജനറൽ (ഓഡിറ്റ്), തിരുവനന്തപുരം
5. അക്കൗണ്ടന്റ് ജനറൽ (എ&ഇ), തിരുവനന്തപുരം
6. ഡയറക്ടർ, ഇൻഫർമേഷൻ കേരള മിഷൻ, തിരുവനന്തപുരം
7. കരുതൽ ഫയൽ/ഓഫീസ് കോപ്പി

ഉത്തരവിൻ പ്രകാരം

Deef

സെക്ഷൻ ഓഫീസർ